"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ എറണാകുളം ജില്ല കാട്ടിപ്പറമ്പ് ഗവ. ആയുർവേദ ഡിസ്പെൻസറിയിലെ അറ്റൻഡർ ഗ്രേഡ് II ശ്രീമതി ശാന്ത പി.ആർ. ന് സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.77/2026/AYUSH തീയതി,തിരുവനന്തപുരം, 09-02-2026

---

പരാമർശം:-

1. ശ്രീമതി ശാന്ത പി.ആർ. സമർപ്പിച്ച 18.07.2025 ലെ സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അപേക്ഷ.
2. കാട്ടിപറമ്പ് ഗവ.ആയുർവേദ ഡിസ്പെൻസറി മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം.
3. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 31.12.2025 ലെ DISM/2900/2025-E1 നം.കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ല കാട്ടിപ്പറമ്പ് ഗവ. ആയുർവേദ ഡിസ്പെൻസറിയിലെ അറ്റൻഡർ ഗ്രേഡ് II ശ്രീമതി ശാന്ത പി.ആർ. 18.07.2025 ന് രാവിലെ ഡ്യൂട്ടി സമയത്തു തെന്നി വീണ് ഇടത് കൈക്ക് ഒടിവ് സംഭവിച്ചതിനെ തുടർന്ന് 18/07/2025 മുതൽ 16/10/2025 വരെ 91 ദിവസത്തേക്ക് പരാമർശം (1) പ്രകാരം സ്പെഷ്യൽ ഡിസബിലിറ്റി ലീവിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും ടിയാൾ അവധി കഴിഞ്ഞു 17-10-2025 ന് പൂർവ്വാഹ്നം തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതായും അപേക്ഷയും ബന്ധപ്പെട്ട രേഖകളും സഹിതം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതും പ്രസ്തുത അവധി അപേക്ഷ അനുവദിച്ച് ഉത്തരവാകുന്നതിന് ശിപാർശ ചെയ്തിട്ടുള്ളതുമാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ല കാട്ടിപ്പറമ്പ് ഗവ. ആയുർവേദ ഡിസ്പെൻസറിയിലെ അറ്റൻഡർ ഗ്രേഡ് II ശ്രീമതി ശാന്ത പി.ആർ. പരാമർശം (1)

പ്രകാരം സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, മെഡിക്കൽ സർട്ടിഫിക്കറ്റിന്റേയും, അപകടം സംബന്ധിച്ചുള്ള കാട്ടിപറമ്പ് ഗവ.ആയുർവേദ ഡിസ്പെൻസറി മെഡിക്കൽ ഓഫീസറുടെ പരാമർശം (2) പ്രകാരമുള്ള സാക്ഷ്യപത്രത്തിന്റേയും പരാമർശം (3) പ്രകാരമുള്ള ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടേയും അടിസ്ഥാനത്തിൽ കെ.എസ്.ആർ. ഭാഗം I ചട്ടങ്ങൾ 98 പ്രകാരം ടിയാന് 18.07.2025 മുതൽ 16.10.2025 വരെ 91 ദിവസത്തേക്ക് സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാർ .എ

അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി ശാന്ത പി.ആർ., അറ്റൻഡർ ഗ്രേഡ് II, ഗവ. ആയുർവേദ ഡിസ്പെൻസറി, കാട്ടിപ്പറമ്പ്, എറണാകുളം ജില്ല (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന).
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
4. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/12/2026-AYUSH)

ഉത്തരവിൻ പ്രകാരം
Signed by
Pradeep R S
Date: 09-02-2026 10:47:30
സെക്ഷൻ ഓഫീസർ